പത്രക്കുറിപ്പ്
3-5-2018

## അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കുടുംബശ്രീ 'സ്നേഹിത' തണലൊരുക്കുന്നു കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്തത് 4721 കേസുകൾ

തിരുവനന്തപുരം- ഗാർഹിക പീഡനമുൾപ്പെടെയുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീ കളുടെയും കുട്ടികളുടെയും ആശ്രയ കേന്ദ്രമായ കുടുംബശ്രീ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കിൽ കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്തത് 4721 കേസുകൾ. ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് എറണാകുളം ജില്ലയിലാണ്. കേസുകൾക്ക് ആവശ്യമായ നിയമസഹായം നൽകി വരുന്നു. ഇതുവരെ 25000 ത്തിലേറെ പേർക്ക് സ്നേഹിതയുടെ സേവനം ലഭ്യമായിട്ടുണ്ട്. 2244 സ്ത്രീകൾക്ക് ഷോർട്ട് ഷെൽറ്റർ ഹോം സേവനവും നൽകി.

കഴിഞ്ഞ വർഷം വിവിധ അതിക്രമങ്ങൾ നേരിട്ട് സ്നേഹിതയിലെത്തിയ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 3271 പേർക്ക് കൗൺസലിംഗ് സേവനം ലഭ്യമാക്കി. ഇതിൽ 2248 പേർ ഗാർഹിക പീഡനം നേരിട്ടവരും 30 പേർ മനുഷ്യക്കടത്തിനു വിധേയമായവരുമാണ്. ഇതു കൂടാതെ ഫോൺ വഴി 6659 കേസുകളും സ്നേഹിതയിൽ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംസ്ഥാന ശിശുക്ഷേമ സമിതി, പോലീസ്, സാമൂഹിക നീതി എന്നീ വകുപ്പുകളുമായി സംയോജിച്ചാ ണ് സ്നേഹിതയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. അതിക്രമങ്ങൾ നേരിട്ട് സ്നേഹിതയിലെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സ്നേഹിതയിലെ കൗൺസിലർമാർ വഴി ആവശ്യമായ കൗൺസലിങ്ങ് നൽകും. കൂടാതെ പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന വിജിലന്റ് ഗ്രൂപ്പുകൾ, ജെൻഡർ റിസോഴ്സ് സെന്ററുകൾ എന്നിവ വഴി അതിക്രമങ്ങൾക്കിരയാകുന്നതായി കണ്ടെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സ്നേഹിതയുടെ ഷോർട്ട് സ്റ്റേ ഹോമിൽ സുരക്ഷിത താമസവും സൗജന്യനിയമ സഹായവും മാനസിക പിന്തുണയും ലഭ്യമാക്കും. കൂടാതെ രാത്രിയിൽ ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടി വരുന്ന സ്ത്രീകൾ, പരീക്ഷ ജോലി എന്നിവ സംബന്ധിച്ച് യാത്ര ചെയ്യേണ്ടി വരുന്ന സ്ത്രീകൾ എന്നിവർക്ക് ആവശ്യമെങ്കിൽ സ്നേഹിതയുടെ ഷോർട്ട് സ്റ്റേ ഹോമിൽ താമസിക്കാനുള്ള സൗകര്യം ലഭ്യമാക്കും.

കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2013 ഓഗസ്റ്റിലാണ് സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക് സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചത്. 2017-18 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചിരുന്നു. ആദ്യഘട്ടത്തിൽ ആറ് ജില്ലകളിൽ മാത്രമായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ എല്ലാ ജില്ലകളിലും സ്നേഹിതയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനമാണ് സ്നേഹിത ഹെൽപ് ഡെസ്കിന്റേത്. സ്നേഹിതയിൽ എത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സൗജന്യ നിയമസഹായം ലഭ്യമാക്കുന്നതിനായി മുഴുവൻ സമയ അഭിഭാഷകയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുകയാണ്.

പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും നിരവധി സഹായങ്ങളാണ് സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്ക് ഒരുക്കി നൽകുന്നത്. തങ്ങളെ സമീപിക്കുന്ന സ്ത്രീകൾക്ക് മാനസികമായ പിന്തുണ നൽകുന്നതോടൊപ്പം തന്നെ അവർക്ക് വേണ്ട നിയമ സഹായം, കൗൺസിലിങ് തുടങ്ങിയ സേവനങ്ങളും സ്നേഹിതയിലുണ്ട്. ഇതിൽ ഏറ്റവും പ്രധാനം സ്ത്രീകൾക്കും കുട്ടികൾക്കും താത്ക്കാലിക അഭയവും സ്നേഹിത ഒരുക്കി നൽകുന്നു എന്നതാണ്. ഇതിനു പുറമേ നിരവധി ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഫാമിലി കൗൺ സിലിങ്, ടെലിഫോൺ വഴിയുള്ള കൗൺസിലിങ് എന്നീ സേവനങ്ങളും സ്നേഹിത വഴി നൽകുന്നു.

തിരുവനന്തപുരം, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലാ യിരുന്നു തുടക്കത്തിൽ സ്നേഹിത പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, കൊല്ലം, തൃശൂർ, കണ്ണൂർ, ആലപ്പുഴ, കാസർഗോഡ് എന്നീ ജില്ലകളിലും സ്നേഹിത പൂർണ്ണ സജ്ജമായി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. വയനാട്, കോഴിക്കോട് ജില്ലകളിൽ ഒഴികെ ബാക്കിയെല്ലാ ജില്ലകളിലും ടോൾ ഫ്രീ നമ്പർ സൗകര്യവുമുണ്ട്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**